അയിരൂർ പാലം പുതുക്കി പണി

136 (2117) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജക മണ്ഡലത്തിലെ അയിരൂർ പാലം അപകടാവസ്ഥയിലാണെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പുതുക്കിപ്പണിയുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകകൊള്ളിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടും ജോലി ആരംഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അപകട ഭീഷണിയെ നേരിടുന്ന വസ്തുത കണക്കിലെടുത്ത് പാലംപണി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ടാണ് പാലം പണി ആരംഭിക്കാൻ കഴിയാത്തത്. ആവശ്യമായ സ്ഥലം ലഭ്യമായാൽ പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പാലംപണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാനന്തവാടി താലൂക്കിലെ എം.എൽ.എ. റോഡ്

137 (2118) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിലെ വാളാട്-കുഞ്ഞോം എൽ.എൽ.എ. റോഡിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഈ റോഡിന്റെ പ്രവർത്തിക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ റോഡ് എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ; ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുമോ ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിലെ വാളാട്-കുഞ്ഞോം എം.എൽ.എ. റോഡിന്റെ മൺപണി 50 ശതമാനം തീർന്നിട്ടുണ്ട്. ഹൈക്കോടതിയിൽ കേസ് നടക്കുന്നതിനാൽ കരാറുകാരൻ പണി നിർത്തി വെച്ചിരിക്കുകയാണ്.

(ബി) ഒന്നും ചെലവഴിച്ചിട്ടില്ല.

(സി) കേസ് തീരാതെ പണി പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly